LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനം

115 [1918] ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും എങ്കിൽ പ്രസ്തുത ലിസ്റ്റിൽ എത്രപേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ ലിസ്റ്റിൽനിന്നും ഇതേവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനം നടത്താൻ കാലതാമസമുണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിലുണ്ട്. 425 പേരുടെ മെയിൻ ലിസ്റ്റും, 136 പേരുടെ സപ്ലിമെന്ററി ലിസ്റ്റുമാണ് കെ.പി.എസ്.സി. പ്രസിദ്ധീകരിച്ചിരിക്കുന്നത്.

(ബി) ഈ ലിസ്റ്റിൽ നിന്നും പി.എസ്.സി. ഒൻപത് പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്. അവർക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. 43 ഒഴിവുകൾകൂടി നേരിട്ടുള്ള നിയമനത്തിനായുണ്ട്.

(സി) ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷൻ നമ്പർ 12360/04-ൽ പി.എസ്.സി. റിപ്പോർട്ട് ചെയ്ത ഒൻപത് ഒഴിവിൽ കൂടുതലായി റിപ്പോർട്ടുചെയ്യുന്നതിനെതിരെ സ്റ്റേ നിലവിലുണ്ട്. ടി സ്റ്റേ നീക്കിക്കിട്ടാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ എണ്ണവും ഒഴിവുകളും

116 [1919] ശ്രീ. അടൂർ പ്രകാശ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഒരോ എക്സൈസ് റേഞ്ചുകളിലും അനുവദിച്ചിട്ടുള്ള എക്സൈസ് ഗാർഡുമാരുടെ എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എത്ര ഒഴിവുകൾ ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?